**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 1525** — **21.01.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) |
| (സി) ആർക്കെല്ലാമാണ് പദ്ധതിയനുസരിച്ച് പ്രയോജനം ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാതെ അവശത അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും, 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വായ്പ എടുത്തവരിൽ, വായ്പ അടച്ചു തീർക്കാത്തവർക്കാണ് പലിശ സബ്സിഡി സ്കീം ബാധകമാകുക. |

(-----2)

പലിശ സബ്സിഡി ആഗ്രഹിക്കുന്നവർ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.05.2013 –ഉം, 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 31.12.2013 –ഉം ആയിരുന്നു. ജില്ലാ കളക്ടർ അപേക്ഷ സ്വീകരിച്ച് പരിഗണനാർഹമായ അപേക്ഷയുടെ ഓരോ പകർപ്പ് ലീഡ് ബാങ്ക് ഡിസ്ട്രിക്റ്റ് മാനേജർ മുഖാന്തിരം ബന്ധപ്പെട്ട ബാങ്കുകൾക്ക് അയച്ചുകൊടുക്കണം. ബന്ധപ്പെട്ട ബാങ്ക് പലിശ കണക്കാക്കി ക്ലെയിം സർട്ടിഫിക്കറ്റ് ലീഡ് ബാങ്ക് ഡിസ്ട്രിക്റ്റ് മാനേജർ വഴി ജില്ലാ കളക്ടർമാരെ അറിയിക്കണം. ജില്ലാ കളക്ടർ ഓരോ അപേക്ഷയും നിയമാനുസൃതം പരിശോധിച്ച് അനുവദനീയമായ തുക പാസ്സാക്കി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനെ അറിയിക്കണം. തുടർന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് ധന – വകുപ്പിന്റെ അനുമതിയോടെ ആവശ്യ-മായ ഫണ്ട് ജില്ലാ കളക്ടർമാർക്ക്

(------3)

കൈമാറുകയും, ജില്ലാ കളക്ടർ ഇ-പേയ്മെന്റ് വഴി അപേക്ഷകരുടെ വായ്പ അക്കൗണ്ടിലേയ്ക്ക് പലിശയിനത്തിലുള്ള തുക വകയിരുത്തുകയും ചെയ്യുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ബി.പി.എൽ. വിഭാഗത്തിലെ പലിശ സബ്സിഡിക്കായി കോട്ടയം, കാസർഗോഡ് ജില്ലകളിലെ ആദ്യ ഘട്ടത്തിനും (First phase), എറണാകുളം ജില്ലയിലെ ഒന്നും, രണ്ടും ഘട്ടത്തിനും, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ അർഹമായ മുഴുവൻ അപേക്ഷകൾക്കും ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, കോട്ടയം (രണ്ടും, മൂന്നും ഘട്ടം), എറണാകുളം (മൂന്നും, നാലും ഘട്ടം) എന്നീ ജില്ലകളിലെ ബി.പി.എൽ. പലിശ സബ്സിഡിയുമായി സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(------4)

ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മറ്റുള്ള ജില്ലകളിലെയും, 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള സ്കീം പ്രകാരം എല്ലാ ജില്ലകളിലെയും അപേക്ഷകളുടെ പരിശോധനകൾ ബന്ധപ്പെട്ട ജില്ലാ കളക്ടറേറ്റുകളിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ